**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 347** **10-06-2024 - ൽ മറുപടിയ്ക്ക്**

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കേണ്ട ബജറ്റ് വിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | 2023 -24 സാമ്പത്തിക വർഷം കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് തുടങ്ങിയവയ്ക്ക് എത്ര രൂപയാണ് ബജറ്റ് വിഹിതമായി വകയിരുത്തിയിരുന്നത് , സ്ഥാപനം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ; | (എ) | അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | പ്രസ്തുത സ്ഥാപനങ്ങൾക്ക് ബജറ്റ് വിഹിതം എത്ര തവണകളായി ഏതെല്ലാം മാസങ്ങളിലാണ് നൽകിയത് എന്ന് വ്യക്തമാക്കുമോ; | (ബി) | വികസന ഫണ്ട് മൂന്ന് ഗഡുക്കളിലായി 2023 ഏപ്രിൽ, ജൂലൈ, 2024 മാർച്ച് എന്നീ മാസങ്ങളിലും, സംരക്ഷണ ഫണ്ട് മൂന്ന് ഗഡുക്കളിലായി 2023 മാർച്ച്, നവംബർ, 2024 മാർച്ച് എന്നീ മാസങ്ങളിലും അനുവദിച്ചിട്ടുണ്ട്. പൊതു ആവശ്യ ഫണ്ടിന്റെ ആദ്യ 9 ഗഡുക്കൾ അതത് മാസങ്ങളിലും അവസാന മൂന്ന് ഗഡുക്കൾ 2024 മാർച്ച് മാസവും അനുവദിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത സ്ഥാപനങ്ങൾക്ക് 2024 മാർച്ച് മാസം ബജറ്റ് വിഹിതമായി ഏതെങ്കിലും ഗഡു അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതുമൂലം പദ്ധതി ചെലവുകൾ നിർവഹിക്കാനാവാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | വികസന ഫണ്ടിന്റെയും സംരക്ഷണ ഫണ്ടിന്റെയും അവസാന ഗഡുക്കളും പൊതു ആവശ്യ ഫണ്ടിന്റെ അവസാന മൂന്ന് ഗഡുക്കളും 2 0 2 4 മാർച്ച് മാസത്തിലാണ് അനുവദിച്ചത്. കേന്ദ്ര നികുതി വിഹിതം, വായ്പ പരിധി എന്നിവയിലുണ്ടായ ഗണ്യമായ കുറവ് മൂലം സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയിലുണ്ടായ പ്രയാസങ്ങൾ മൂലം 2023-24 സാമ്പത്തിക വർഷാവസാനം ട്രഷറിയിൽ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. ദുഷ്കരമായ സാഹചര്യത്തിലും സർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. വർഷാവസാനം ഏർപ്പെടുത്തേണ്ടി വന്ന നിയന്ത്രണങ്ങൾ മൂലം തദ്ദേശ സ്ഥാപനങ്ങൾക്ക് അഭിമുഖീകരിക്കേണ്ടിവന്ന പ്രയാസങ്ങൾ ലഘൂകരിക്കുന്നതിനുള്ള നടപടികൾ സർക്കാർ പരിശോധിച്ച് വരുന്നു. |
| (ഡി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിയന്ത്രണം കാരണം ട്രഷറിയിൽ ബില്ല് മാറാൻ സാധിക്കാത്തത് മൂലവും മെയിന്റനൻസ് ഗ്രാന്റ്,ജനറൽ പർപ്പസ് ഗ്രാന്റ് | (ഡി) | വികസന ഫണ്ടിന്റെയും സംരക്ഷണ ഫണ്ടിന്റെയും അവസാന ഗഡുക്കളും പൊതു ആവശ്യ ഫണ്ടിന്റെ അവസാന മൂന്ന് ഗഡുക്കളും 2 0 2 4 മാർച്ച് |

| | | | |
|---|---|---|---|
| | എന്നിവയുടെ അവസാന തവണ ലഭിക്കാത്തതിനാലും ഉണ്ടായ സാമ്പത്തിക നഷ്ടം നികത്തുന്നതിന് സർക്കാർ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | | മാസത്തിലാണ് അനുവദിച്ചത്. കേന്ദ്ര നികുതി വിഹിതം, വായ്പ പരിധി എന്നിവയിലുണ്ടായ ഗണ്യമായ കുറവ് മൂലം സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയിലുണ്ടായ പ്രയാസങ്ങൾ മൂലം 2023-24 സാമ്പത്തിക വർഷാവസാനം ട്രഷറിയിൽ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. ദുഷ്കരമായ സാഹചര്യത്തിലും സർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. വർഷാവസാനം ഏർപ്പെടുത്തേണ്ടി വന്ന നിയന്ത്രണങ്ങൾ മൂലം തദ്ദേശ സ്ഥാപനങ്ങൾക്ക് അഭിമുഖീകരിക്കേണ്ടിവന്ന പ്രയാസങ്ങൾ ലഘൂകരിക്കുന്നതിനുള്ള നടപടികൾ സർക്കാർ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

(രൂപ ആയിരത്തിൽ)

| ക്രമ നമ്പർ | തദ്ദേശസ്വയംഭരണ സ്ഥാപനം | പൊതു ആവശ്യ ഫണ്ട് | സംരക്ഷണ ഫണ്ട് | വികസന ഫണ്ട് |
|---|---|---|---|---|
| 1 | കോർപ്പറേഷനുകൾ | 1923355 | 1582264 | 6412865 |
| 2 | മുനിസിപ്പാലിറ്റികൾ | 2768518 | 4876220 | 5650884 |
| 3 | ജില്ലാ പഞ്ചായത്തുകൾ | 755552 | 3445397 | 7169502 |
| 4 | ബ്ലോക്ക് പഞ്ചായത്തുകൾ | 1074488 | 1981659 | 7169502 |
| 5 | ഗ്രാമപഞ്ചായത്തുകൾ | 15921119 | 24584387 | 29117747 |
| | ആകെ | 22443032 | 36469927 | 55520500 |